# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3716

### 21-06-2018 ൽ മറുപടിക്ക്

### മോട്ടോർ വാഹന നികുതിയിൽ നിന്നും കിഫ്ബിയ്ക്ക് നൽകിയ തുക

| ചോദ്യം<br>ശ്രീ.കെ.എം. മാണി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ സമാഹരിച്ച മോട്ടോർ വാഹന നികുതിയിൽ നാളിതുവരെ എത്ര രൂപ കിഫ്ബിയ്ക്ക് നൽകി; | മോട്ടോർ വാഹന നികുതി ഇനത്തിൽ 902.88 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) കിഫ്ബി ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; ഇതിന് എത്ര രൂപ പലിശ കിഫ്ബിയ്ക്ക് ലഭിയ്ക്കും; പലിശ എത്ര ശതമാനം; പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ; | മോട്ടോർ വാഹന നികുതി ഇനത്തിലും പെട്രോൾ, ഡീസൽ സെസ്സിനത്തിലും ലഭിക്കുന്ന തുക ഒരുമിച്ചാണ് കിഫ്ബി നിധിയിൽ വകകൊള്ളിച്ചിട്ടുള്ളത്. നിധിയിൽ ലഭ്യമായ തുക കിഫ്ബി ആക്റ്റിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സെബി അംഗീകരിച്ച ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയിട്ടുള്ള ഉയർന്ന റേറ്റിംഗ്, ഉയർന്ന പലിശ നിരക്ക് എന്നിവ കണക്കിലെടുത്ത് ദേശസാൽകൃത ബാങ്കുകളിലും സ്വകാര്യ ബാങ്കുകളിലും സ്ഥിര നിക്ഷേപമായും സേവിംഗ്സ് നിക്ഷേപമായും സൂക്ഷിച്ചിട്ടുണ്ട്. സ്ഥിര നിക്ഷേപങ്ങളിൽ നിന്നും പലിശയിനത്തിൽ നാളിതുവരെ 78.73 കോടി രൂപ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള സ്ഥിര നിക്ഷേപങ്ങളിൽ നിന്നും 29.96 കോടി രൂപ പലിശയിനത്തിൽ പ്രതീക്ഷിക്കുന്നു. നാളിതുവരെ ലഭിച്ച പലിശയുടെ വിവരം അനുബന്ധം (1) ആയും പ്രതീക്ഷിത പലിശ വരുമാനത്തിന്റെ വിവരം അനുബന്ധം (2) ആയും ചേർക്കുന്നു. |

| | |
|---|---|
| (സി) കിഫ്ബിയിലെ ജീവനക്കാർക്കും ഉദ്യോഗസ്ഥർക്കും അംഗങ്ങളുടെയും ശമ്പളയിനത്തിൽ നാളിത് വരെ എത്ര രൂപ നൽകി; | പുന:സംഘടിപ്പിക്കപ്പെട്ട കിഫ്ബിയിലെ ജീവനക്കാർക്ക് ശമ്പളയിനത്തിൽ 2.09 കോടി രൂപയും അംഗങ്ങൾക്ക് സിറ്റിംഗ് ഫീ ഇനത്തിൽ 10 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) കിഫ്ബിയിലെ ബോർഡംഗങ്ങൾക്ക് വേണ്ടി നാളിതുവരെ കിഫ്ബി എത്ര വാഹനങ്ങൾ വാങ്ങിയെന്നും എത്ര രൂപ ചെലവായിയെന്നും അറിയിക്കുമോ? | കിഫ്ബിയിലെ ബോർഡംഗങ്ങൾക്ക് വേണ്ടി നാളിതുവരെ വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| Interest Income | |
|---|---|
| 2016-17 | 7,04,09,683.06 |
| 2017-18 | 63,17,99,836.78 |
| 2018-19 | 8,51,76,837.25 |
| **Total** | **78,73,86,357.09** |

സെക്ഷൻ ഓഫീസർ

| | | | അനുബന്ധം - 2 |
|---|---|---|---|
| ബാങ്ക് | തുക | പലിശശതമാനം | പ്രതീക്ഷിതപലിശ തുക |
| South Indian Bank | 1,00,00,00,000.00 | 7.20 | 1,79,50,684.93 |
| YES Bank | 80,00,00,000.00 | 7.37 | 1,46,99,616.44 |
| YES Bank | 82,40,91,997.76 | 7.37 | 1,51,42,295.35 |
| YES Bank | 1,06,07,23,850.57 | 7.37 | 1,94,90,292.19 |
| South Indian Bank | 41,72,15,918.00 | 7.55 | 1,55,34,148.84 |
| Axis Bank | 2,70,29,06,389.76 | 8.00 | 21,68,24,929.02 |

സെക്ഷൻ ഓഫീസർ